2025 MAY
03
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിഴിഞ്ഞം തുറമുഖം രാജ്യത്തിന് സമർപ്പിച്ച് പ്രധാനമന്ത്രി



**തിരുവനന്തപുരം:** കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖം രാജ്യത്തിന് സമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുഖ്യമന്ത്രിയുടെയും ഗൗതം അദാനിയുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിലായിരുന്നു കമ്മിഷനിങ്. പോർട്ട് ഓപ്പറേഷൻ സെന്റർ നടന്നു കണ്ട ശേഷം 11 മണിയോടെ മോദി ഉദ്ഘാടന വേദിയിൽ എത്തി. സമുദ്രവ്യാപാര ചരിത്രത്തിൽ നിർണായകമായ മുൻനിരയ്ക്കേക്കാണ് ഇന്ത്യ കുതിച്ചുയരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 8,800 കോടിയുടെ ചെലവിൽ വികസിപ്പിച്ച വിഴിഞ്ഞം ആഴക്കടൽ തുറമുഖം ഇന്ത്യയുടെ കപ്പൽ ചരക്കു കൈമാറ്റ ശേഷിയെ മൂന്ന് ഇരട്ടിയാക്കുമെന്നു അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ ചരക്കു കപ്പലുകൾക്ക് എത്തിച്ചേരാനാകുന്ന സൗകര്യങ്ങളോടെ ഇന്ത്യയുടെ സമുദ്രശക്തി വീണ്ടും ഉണർന്നു കൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇത് വരെ ഇന്ത്യയുടെ ചരക്കു കൈമാറ്റത്തിലെ 75 ശതമാനവും വിദേശ തുറമുഖങ്ങളിലൂടെയായിരുന്നു നടക്കുന്നത്. ഇതുവഴി രാജ്യം വലിയ തോതിൽ വരുമാന നഷ്ടം അനുഭവിച്ചിരുന്നു. ഇനി ആ സ്ഥിതി മാറുമെന്നും ഇന്ത്യയുടെ പണം ഇന്ത്യക്കായി സേവിക്കുമെന്നും, കേരളത്തിനും വിഴിഞ്ഞത്തെ ജനങ്ങൾക്കും ഇത് പുതിയ സാമ്പത്തിക സാധ്യതകൾക്കു വഴി തുറക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ഇന്ത്യയുടെ സമുദ്ര ചരിത്രത്തെ എടുത്തുപറഞ്ഞ പ്രധാനമന്ത്രി, കോളനി വാഴ്ചയ്ക്കുമുമ്പ് ആഗോള ജിഡിപിയിൽ പ്രധാന പങ്ക് വഹിച്ചിരുന്ന രാജ്യമായ ഇന്ത്യയെ വ്യത്യസ്തമാക്കിയതിലേറെയും സമുദ്രവ്യാപാരമായിരുന്നുവെന്നും, അതിൽ കേരളത്തിന്റെ പങ്ക് അമൂല്യമാണെന്നും പറഞ്ഞു. അറബിക്കടൽ വഴിയുള്ള കേരളത്തിന്റെ വ്യാപാരബന്ധങ്ങൾ രാജ്യത്തെ ആഗോള വ്യാപാര കേന്ദ്രമാക്കി മാറ്റിയിരുന്നു.വാണിജ്യ വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന മാരിടൈം അമൃത് കാൽ ദൗത്യത്തിന് തുടക്കമായി. ഇന്ത്യയുടെ തീരദേശ സംസ്ഥാനങ്ങളും തുറമുഖ നഗരങ്ങളും വികസിത ഇന്ത്യയുടെ വളർച്ചാകേന്ദ്രങ്ങളായി മാറും എന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. 'അടിസ്ഥാനസൗകര്യങ്ങളും വ്യവസായ പ്രോത്സാഹനവും ചേർന്നാൽ തുറമുഖ സമ്പദ്‌വ്യവസ്ഥ തന്റെ പൂർണ ശേഷിയിൽ എത്തും' എന്നും അദ്ദേഹം പറഞ്ഞു. നാടിന്റെ ഒരുമയും ജനങ്ങളുടെ ഐക്യവുമാണ് ഇത്തരം പദ്ധതികൾ നടപ്പാക്കാൻ കരുത്താകുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. മൂന്നാം മിലെനിയത്തിലേക്കുള്ള രാജ്യത്തിന്റെ മഹാകവാടം തുറക്കലാണ് വിഴിഞ്ഞം കമ്മിഷനങ്ങിലൂടെ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി വി.എൻ.വാസവൻ സ്വാഗതം പ്രസംഗം നടത്തി.ഗവർണർ രാജേന്ദ്ര അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രിമാരായ സർബാനന്ദ സോനോവാൾ, ജോർജ് കുര്യൻ, സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ.അനിൽ, സജി ചെറിയാൻ, എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, എ.എ.റഹിം, എം.വിൻസന്റ് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ഗൗതം അദാനി, കരൺ അദാനി, ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ എന്നിവരും പങ്കെടുത്തു.

## പാക്ക് വ്യോമപാത ഒഴിവാക്കി യുറോപ്യൻ വിമാന സർവീസുകളും; പാക്കിസ്ഥാന് കോടികളുടെ നഷ്ടം

**ന്യൂഡൽഹി:** ഇന്ത്യൻ വിമാനക്കമ്പനികൾക്കു പുറമെ പ്രമുഖ യൂറോപ്യൻ വിമാന സർവീസുകളും പാക്ക് വ്യോമപാത ഒഴിവാക്കുന്നതായി റിപ്പോർട്ട്. വിലക്കുകളൊന്നും ഏർപ്പെടുത്തിയിട്ടില്ലെങ്കിലും വിമാനക്കമ്പനികൾ സ്വമേധയാ പാക്കിസ്ഥാൻ വഴിയുള്ള യാത്ര ഒഴിവാക്കുകയാണെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

കഴിഞ്ഞ രണ്ടു ദിവസമായി ലുഫ്താൻസ, ബ്രിട്ടിഷ് എയർവേസ്, സ്വിസ്, എയർ ഫ്രാൻസ്, ഇറ്റലിയുടെ ഐടിഎ, പോളണ്ടിന്റെ ലോട്ട് എന്നീ യൂറോപ്യൻ വിമാനക്കമ്പനികൾ പാക്ക് വ്യോമപാത ഒഴിവാക്കിയാണ് സർവീസ് നടത്തുന്നത്. ഇതോടെ യൂറോപ്പിൽനിന്ന് ഇന്ത്യയിലേക്കുള്ള വിമാനങ്ങൾ ശരാശരി ഒരു മണിക്കൂർ അധികം പറക്കേണ്ടി വരും. ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിലാണിത്.

വിമാനക്കമ്പനികൾ വ്യോമപാത ഒഴിവാക്കുന്നതിലൂടെ ലക്ഷക്കണക്കിന് ഡോളറാണ് പാക്കിസ്ഥാന് നഷ്ടമുണ്ടാകുന്നത്. പാക്ക് വ്യോമപാത ഒഴിവാക്കിയതിലൂടെ എയർ ഇന്ത്യയ്ക്കും വർഷം 60 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് കണക്ക്. പാക്കിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നത് ഇന്ത്യ നേരത്തെ വിലക്കിയിരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളജിലെ യുപിഎസ് റൂമിൽ പുക; മൂന്ന് പേർ മരിച്ചു

**കോഴിക്കോട്:** മെഡിക്കൽ കോളജിലെ യുപിഎസ് റൂമിൽ പുകയെ തുടർന്ന് മൂന്ന് പേർ മരിച്ചു. ശ്വാസം കിട്ടാതെ മരിച്ചതായാണ് സൂചന. എന്നാൽ മരണകാരണം സ്ഥിരീകരിച്ചിട്ടില്ല. മൂന്നു പേർ മരിച്ചതായി ടി. സിദ്ദിഖ് എംഎൽഎ പറഞ്ഞു. മെഡിക്കൽ കോളജിലെ അത്യാഹിത വിഭാഗത്തിനോടു ചേർന്നുള്ള യുപിഎസ് റൂമിലാണ് പുക ഉയർന്നത്. പുകയുയരുന്നത് ശ്രദ്ധയിൽപ്പെട്ടതോടെ അത്യാഹിത വിഭാഗം ബ്ലോക്ക് മുഴുവനായി ഒഴിപ്പിച്ചു. 200 ൽ അധികം രോഗികളെയാണ് ഒഴിപ്പിച്ചത്. അത്യാഹിത വിഭാഗത്തിലെ ഉപകരണങ്ങളടക്കം പുറത്തേക്ക് മാറ്റിയിട്ടുണ്ട്. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്ന് മെഡിക്കൽ കോളജ് സൂപ്രണ്ട് അറിയിച്ചു. പുകയുയരാനുണ്ടായ കാരണം വ്യക്തമല്ല. ഇന്നലെ രാത്രി എട്ടോടെയാണ് സംഭവം.

## പാക്കിസ്ഥാനെ ഗ്രേ പട്ടികയിൽ ഉൾപ്പെടുത്താൻ ഇന്ത്യ

**ന്യൂഡൽഹി:** ഭീകരപ്രവർത്തനത്തിൽ നടത്തുന്ന ഇടപെടലുകൾ തടയാൻ പാക്കിസ്ഥാനെ (എഫ്എടിഎഫ്) ഗ്രേ പട്ടിക'യിൽ ഉൾപ്പെടുത്താൻ ഇന്ത്യ നീക്കം തുടങ്ങി. പാരിസ് ആസ്ഥാനമായ ആഗോള സാമ്പത്തിക കുറ്റകൃത്യ നിരീക്ഷക സംഘടനയായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ 'ഗ്രേ പട്ടിക'യിൽ ഉൾപ്പെട്ടാൽ വിദേശനിക്ഷേപത്തെയും രാജ്യാന്തര ഇടപാടുകളെയുമെല്ലാം ബാധിക്കും. 2018 മുതൽ 2022 വരെ പാക്കിസ്ഥാൻ ഈ പട്ടികയിലായിരുന്നു. ഏജൻസിയുടെ അടുത്ത യോഗത്തിൽ തന്നെ വിഷയം ഉന്നയിക്കാനുള്ള നീക്കമാണ് ഇന്ത്യ നടത്തുന്നത്.

ഇന്ത്യ-പാക്ക് നയതന്ത്രബന്ധം കലുഷിതമായി തുടരുന്നതിനിടെ വാഗ അതിർത്തി താൽക്കാലികമായി തുറക്കാൻ പാക്കിസ്ഥാൻ തീരുമാനിച്ചു. കഴിഞ്ഞ ദിവസം അട്ടാരി-വാഗ അതിർത്തി പൂർണമായി അടച്ചിരുന്നെങ്കിലും പാക്ക് പൗരൻമാരായ പലരും അതിർത്തിയിൽ കുടുങ്ങിയെന്ന വാർത്തകൾക്കു പിന്നാലെയാണ് ഇവർക്കു വേണ്ടി അതിർത്തി തുറന്നു നൽകാൻ തീരുമാനിച്ചത്. 70 പാക്കിസ്ഥാൻ സ്വദേശികൾ അതിർത്തിയിലുണ്ടെന്നാണു വിവരം. 953 പാക്കിസ്ഥാൻ പൗരർ സ്വദേശത്തേക്കു മടങ്ങിയെന്നും 1841 ഇന്ത്യക്കാർ പാക്കിസ്ഥാനിൽ നിന്നു മടങ്ങിയെത്തിയെന്നും കേന്ദ്രസർക്കാർ അറിയിച്ചു. തുടർച്ചയായ എട്ടാം ദിവസവും നിയന്ത്രണരേഖയിൽ പാക്ക് പ്രകോപനം തുടരുകയാണ്. ഇന്ത്യൻ സേനയും തിരിച്ചടി നൽകി.

ഭീകരവാദം നേരിടുന്നതിൽ ഇന്ത്യയുമായി സഹകരിക്കാനുള്ള പ്രതിബദ്ധത യുഎസ് ആവർത്തിച്ചു. പഹൽഗാം ഭീകരാക്രമണം സംബന്ധിച്ച അന്വേഷണത്തിൽ സഹകരിക്കണമെന്നു പാക്ക് പ്രധാനമന്ത്രി ഷഹബാസ് ഷരീഫിനോട് ആവശ്യപ്പെട്ട യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ, പാക്കിസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഭീകരവാദികളെ നിയന്ത്രിക്കണമെന്നും നിർദേശിച്ചു. ഇന്ത്യയുടെ വിദേശകാര്യമന്ത്രി എസ്.ജയശങ്കറുമായും കഴിഞ്ഞദിവസം റൂബിയോ ചർച്ച നടത്തിയിരുന്നു. സംഘർഷം ഒഴിവാക്കണമെന്നും നേരിട്ടുള്ള ആശയവിനിമയം പുനഃസ്ഥാപിക്കണമെന്നും ഇരുരാജ്യങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. സ്വയം പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ അവകാശത്തെ യുഎസ് പിന്തുണയ്ക്കുന്നുവെന്നു പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത് വ്യക്തമാക്കി.





സ്കൂൾ പാചക തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വിദ്യാഭ്യാസ,തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ച

# മിനിമം വേതന പരിധി: സ്കൂൾ പാചക തൊഴിലാളികളെ ഒഴിവാക്കില്ല; ഉത്തരവ് പിൻവലിക്കും

**കൊച്ചി:** മിനിമം വേതന പരിധിയിൽ നിന്നും സ്കൂൾ പാചക തൊഴിലാളികളെ ഒഴിവാക്കിയ ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചതായി സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ ഐ ടി യു സി) സംസ്ഥാന ജനറൽ സെക്രട്ടറി പി ജി മോഹനൻ വാർത്താ കുറിപ്പിൽ അറിയിച്ചു. സ്കൂൾ പാചക തൊഴിലാളികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ വിദ്യാഭ്യാസ,തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് വിവാദ ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം അംഗീകരിക്കുന്നതായി മന്ത്രി വ്യക്തമാക്കിയത്. സെക്രട്ടേറിയറ്റിന് മുമ്പിൽ സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ ഐ ടി യു സി) നടത്തിയ രാപ്പകൽ അതിജീവന സമരത്തിന്റെ പശ്ചാത്തലത്തിലാണ് മന്ത്രി യോഗം വിളിച്ചു ചേർത്തത്. തൊഴിലാളികൾക്ക് യൂണിഫോം, ഏപ്രൻ, ക്യാപ് എന്നിവ ലഭ്യമാക്കുന്നതിന് വേണ്ട നിർദേശങ്ങൾ നൂൺമീൽ കമ്മിറ്റികൾക്ക് സർക്കാർ നൽകും. ബാങ്ക് അധികൃതരുമായി നടത്തുന്ന ചർച്ചക്ക് ശേഷം തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും. ഹെൽത്ത് കാർഡ് വർഷത്തിലൊരിക്കൽ സമർപ്പിക്കാൻ അവസരമുണ്ടക്കണമെന്നും അതിന്റെ ചെലവ് സർക്കാർ വഹിക്കണമെന്നുമുള്ള ആവശ്യം ആരോഗ്യമന്ത്രിയുമായി കൂടിയാലോചിച്ച് നടപ്പിലാക്കുമെന്നും മന്ത്രി ചർച്ചയിൽ വ്യക്തമാക്കി. തൊഴിലാളികളുടെ അധ്വാനഭാരം കുറക്കുന്നതിനായി 250 കുട്ടികൾക്ക് ഒരു തൊഴിലാളി, 500 കുട്ടികൾക്ക് അധികമായി ഒരു ഹെൽപ്പർ, 750 കുട്ടികൾക്ക് അധികമായി രണ്ടു ഹെൽപ്പർമാർ എന്ന ശുപാർശ സർക്കാർ പരിഗണിക്കും. ജൂൺ അവസാനത്തിൽ വീണ്ടും തൊഴിലാളി നേതാക്കളുമായി ചർച്ച നടത്തി മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യാനും യോഗത്തിൽ തീരുമാനമായതായും പി.ജി മോഹനൻ വ്യക്തമാക്കി. സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ ഐ ടി യു സി) നെ പ്രതിനിധീകരിച്ച് ആർ സജിലാൽ,അനിത അപ്പുക്കുട്ടൻ, ആലീസ് തങ്കച്ചൻ എന്നിവരും സി ഐ ടി യു വിനെ പ്രതിനിധീകരിച്ച് പി വി കുഞ്ഞിക്കണ്ണൻ, ടി ദേവി എന്നിവരും ഐ എൻ ടി യു സി യെ പ്രതിനിധീകരിച്ച് വി ജെ ജോസഫ്, ഹബീബ് സേട്ട് എന്നിവരും തൊഴിൽ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

# പൈതൃക ചരിത്രവുമായി കൊച്ചി ടൂറിസ്റ്റുകളുടെ മുഖ്യ ആകർഷണ കേന്ദ്രം: മന്ത്രി

**കൊച്ചി:** സംസ്ഥാനത്ത് തന്നെ നിരവധി ടൂറിസ്റ്റുകൾ കടന്നുവരുന്ന കൊച്ചി വിദേശ ആഭ്യന്തര സഞ്ചാരികളുടെ ഇഷ്ട ഇടമായി മാറിക്കഴിഞ്ഞുവെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും പൈതൃക ഇടങ്ങളുടെ ജിഐഎസ് അധിഷ്ഠിത മാപ്പിംഗ് പദ്ധതി വെബ്സൈറ്റ് ഉദ്ഘാടനവും പഠന രേഖ പ്രകാശനവും നിർവഹിച്ച സംസാരിക്കുകയായിരുന്നു മന്ത്രി.

പൈതൃക ഇടങ്ങളാണ് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും മുഖ്യ ആകർഷണം. യൂറോപ്യൻ വാസ്തുവിദ്യയിൽ തീർത്ത അനവധി സ്ഥലങ്ങൾ കൊച്ചിയിൽ കാണാനാവും. ഇവ കാണാനും പഠിക്കാനും നിരവധി സഞ്ചാരങ്ങൾ ദിനംപ്രതി കൊച്ചിയിൽ എത്തുന്നുണ്ട്. ഇത്തരം ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ലോകത്ത് എവിടെയിരുന്നും കൊച്ചിയുടെ എല്ലാ പ്രത്യേകതകളും തിരിച്ചറിയാനുള്ള സംവിധാനമാണ് ജിസിഡിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്.

പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ അന്വേഷിച്ച് കണ്ടെത്താനുള്ള ഒരു ട്രെൻഡാണ് കോവിഡിന് ശേഷം കണ്ടുവരുന്നത്. പൈതൃക ടൂറിസത്തിന്റെ സ്ഥലങ്ങൾ പരിശോധിച്ചാൽ എല്ലാത്തിനും ഓരോ കഥ പറയാനുണ്ടാകും. ചരിത്രപരമായ അറിവുകൾ പങ്കുവയ്ക്കാൻ ഉണ്ട്. ഇവയെല്ലാം ഒരു കാലത്തെ സംസ്കാരത്തെ അടയാളപ്പെടുത്തുകയാണ്.

പൈതൃക ടൂറിസത്തിന്റെ ഭാഗമായി കേരളവുമായി വ്യാപാരബന്ധം ഉണ്ടായിരുന്ന ഒട്ടേറെ രാജ്യങ്ങളെ കേരളവുമായി ബന്ധപ്പെടുത്തുന്ന സ്പൈസ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ ബന്ധപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് പൈതൃക സമ്മേളനം കേരളത്തിൽ സംഘടിപ്പിക്കുന്നതിനുള്ള ചർച്ച ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ രാജ്യങ്ങളിലെ ഗവേഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്താരാഷ്ട്ര സമ്മേളനം ആണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട പൈതൃക കേന്ദ്രങ്ങളെ പരിചയപ്പെടുത്താനും ഫാം ട്രിപ്പുകളും ആസൂത്രണം ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയാണെന്ന് മന്ത്രി പറഞ്ഞു.

കൊച്ചി ലോകത്തിന്റെ പരിച്ഛേദമാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. അനവധി വൈവിധ്യങ്ങളും ചരിത്രങ്ങളും നിറഞ്ഞതാണ് കൊച്ചി. കൊച്ചിയുടെ വൈവിധ്യങ്ങൾ ഇഴ ചേർന്ന് പോകുന്ന ചരിത്ര മുഹൂർത്തങ്ങളെയാണ് ജിസിഡിഎ യുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടപ്പിലാക്കിയിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പദ്ധതിയുടെ മുഖ്യ ഗവേഷകനായ ബോണി തോമസ്, വെബ്സൈറ്റ് തയ്യാറാക്കിയ സെൻറോം ക്രിയേറ്റീവ് ലാബ് പ്രൈവറ്റ് ലിമിറ്റഡ് സി ഇ ഒ വികെ നിവിൽ എന്നിവരെ മന്ത്രി മുഹമ്മദ് റിയാസ് ഉപഹാരം നൽകി ആദരിച്ചു.

ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും പൈതൃക ഇടങ്ങൾ ജിഐഎസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാപ്പ് ചെയ്യുന്നതിനായി ജിസിഡിഎ വിഭാവനം ചെയ്ത ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും പൈതൃക ഇടങ്ങളുടെ ജിഐഎസ് അധിഷ്ഠിത മാപ്പിംഗിലൂടെ പൂർത്തീകരിച്ചിരിക്കുന്നത്. ഈ മേഖലയിലെ പൈതൃക ഇടങ്ങളുടെ ജിഐഎസ് ഡാറ്റാബേസ് തയ്യാറാക്കുകയും ഈ ഇടങ്ങൾ സംരക്ഷിക്കുന്നതിനും വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഓരോ പൈതൃക സ്ഥലത്തെക്കുറിച്ചും അതിൻെറ ചരിത്രപരമായ പ്രാധാന്യം, സവിശേഷതകൾ, നിലവിലെ അവസ്ഥ എന്നിവ ഉൾപ്പെടെ ജി ഐ എസ് ലൊക്കേഷൻ, ചിത്രങ്ങൾ, വീഡിയോ, വാർഡ് നമ്പറും പേരും, തദ്ദേശസ്ഥാപനം, വില്ലേജ്, കോർഡിനേറ്റ്സ് എന്നീ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വെബ്സൈറ്റ് പരിശോധിച്ചാൽ ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി മേഖലയിലെ എല്ലാ പൈതൃക ഇടങ്ങളുടെയും പേരും സ്ഥലവും സാറ്റലൈറ്റ് മാപ്പിലായി ഒരു വിൻഡോയിൽ കാണാം. അതിൽ ഓരോ പൈതൃക ഇടങ്ങളിലും ക്ലിക്ക് ചെയ്താൽ ജിയോ ടാഗ് ചെയ്ത ഫോട്ടോകൾ, വീഡിയോകൾ, വിവരണങ്ങൾ ഉൾപ്പെടെ ലഭിക്കും.




# ബിരുദദാന ചടങ്ങ് നടത്തി

**കോലഞ്ചേരി:** എംഒഎസ്സി നേഴ്സിങ് കോളേജിൽ ബിഎസ്സി നേഴ്സിങ് പഠനം പൂർത്തിയാക്കിയ 66 വിദ്യാർത്ഥികളുടെയും എംഎസ്സി നേഴ്സിങ് പഠനം പൂർത്തിയാക്കിയ 2 വിദ്യാർത്ഥികളുടെയും ബിരുദ ദാന ചടങ്ങ് നടത്തി. മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്തനെഷ്യസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ബെംഗളൂരു സെയ്ന്റ് ജോൺസ് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ബിന്ദു മാത്യു ഉദ്ഘാടനം ചെയ്തു. മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ നേഴ്സിങ് സുപ്രണ്ട് ലെഫ്. കേണൽ ഗ്രേസി ജോസഫ് ബിരുദധാരികൾക്ക് പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. ആശുപത്രി സെക്രട്ടറി ജോയ് പി. ജേക്കബ് സ്വാഗതം പറഞ്ഞു. ആശുപത്രി അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ പ്രൊഫ. പി.വി. തോമസ്, ജനറൽ മെഡിസിൻ വിഭാഗം മേധാവി ഡോ. എം. എബ്രഹാം ഇട്ടിയച്ചൻ, അസോ. പ്രൊഫ. സൂസൻ മത്തായി എന്നിവർ പ്രസംഗിച്ചു.



എറണാകുളം ശ്രീ അയ്യപ്പൻകോവിൽ ക്ഷേത്രത്തിൽ നടന്നു വരുന്ന ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിന്റെ ഭാഗമായി നടന്ന രുഗ്മിണീ സ്വയംവര ഘോഷയാത്ര പരമാര ദേവീക്ഷേത്രത്തിൽ നിന്ന് പുറപ്പെടുന്നു. സമാജം പ്രസിഡന്റ് സി എം ശോഭനൻ, സെക്രട്ടറി പി ഐ രാജീവ്, ദേവസ്വം മാനേജർ ഇ രാജീവൻ, ജോ.സെക്രട്ടറി രഘുനന്ദൻ, സ്കൂൾ മാനേജർ അനിൽകുമാർ, യജ്ഞാചാര്യൻ എന്നിവർ മുൻനിരയിൽ.

# നെല്ല് സംഭരണം; ആശങ്കവേണ്ടെന്ന് സപ്ലൈകോ

**കൊച്ചി:**പാലക്കാട്, ആലപ്പുഴ ജില്ലകളിൽ ചില കേന്ദ്രങ്ങളിൽ നെല്ല് സംഭരണം വൈകുന്നതിൽ കർഷകർക്ക് ആശങ്ക വേണ്ടെന്നും സമയബന്ധിതമായി സംഭരണം പൂർത്തിയാക്കുമെന്നും സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ഡോ. അശ്വതി ശ്രീനിവാസ് അറിയിച്ചു.

പാലക്കാട് ജില്ലയിൽ രണ്ടുദിവസത്തിനുള്ളിൽ നെല്ല് സംഭരിക്കും. വലിയ ലോറികൾ എത്താൻ കഴിയാത്ത ചെറിയ വഴികൾ മാത്രമുള്ള സ്ഥലങ്ങളിലാണ് സംഭരണം വൈകുന്നത്. ഈ സ്ഥലങ്ങളിൽ ചെറിയ വാഹനങ്ങളും കയറ്റിറക്ക് തൊഴിലാളികളുടെ സേവനവും കിട്ടാത്തത് പ്രതിസന്ധി സൃഷ്ടിച്ചിരുന്നു.

പാലക്കാട് ജില്ലാ ലേബർ ഓഫീസറുമായും മില്ലുടമകളുമായി ഇന്ന് സപ്ലൈകോ അധികൃതർ ചർച്ച നടത്തി. വാഹനങ്ങളുടെ കുറവ് പരിഹരിക്കാൻ മില്ലുടമകളോട് ആവശ്യപ്പെടുകയും കയറ്റിറക്ക് തൊഴിലാളികളുടെ സേവനവും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ചില സ്ഥലങ്ങളിൽ നെല്ലു സംഭരണം വൈകുന്നത് പരിഹരിക്കുന്നതിനും മില്ലുടമകളുമായി ചർച്ച നടത്തി. ഒരാഴ്ചയ്ക്കുള്ളിൽ നെല്ല് സംഭരണം പൂർത്തിയാക്കാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി

# മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ദേശീയ ചാംപ്യൻഷിപ്പ് ഇന്നും നാളെയും

**കൊച്ചി:** പാൻ ഇന്ത്യ മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ആന്റ് പവർ ലിഫ്റ്റിംഗ് അസ്സോസിയേഷൻ കേരള ഘടകത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പാൻ ഇന്ത്യ മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ആന്റ് പവർലിഫ്റ്റിംഗ് ദേശീയ ചാംപ്യൻഷിപ്പ് ഇന്നും (മെയ് 03) നാളെ (മെയ് 04) യുമായി ഗി ഗിരിനഗർ പ്ലേ വിൻ ബാഡ്മിന്റൺ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. 30, 35, 40, 45, 50, 55, 60, 65, 70, 75 എന്നിങ്ങനെ പ്രായ വിഭാഗങ്ങളിലായി നടക്കുന്ന മൽസരങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി നൂറിലധികം വനിതകൾ ഉൾപ്പെടെ 400 ലധികം കായിക താരങ്ങൾ പങ്കെടുക്കും. ഹൈബി ഈഡൻ എം.പി ചാംപ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ്, പാൻ ഇൻഡ്യ മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിംഗ് ആന്റ് പവർ ലിഫ്റ്റിംഗ് അസ്സോസിയേഷൻ സെക്രട്ടറി നടരാജൻ, മിസ്റ്റർ ഇൻഡ്യ വി. എൻ ഷൈജി, ഗിരിധർ ഘോഷ്, ടിജോ തോമസ് തുടങ്ങിയവർ സംസാരിക്കും.

# പ്രായാധിക്യം തടയാൻ ഭക്ഷണക്രമം പ്രധാനമെന്ന് വിദഗ്ധർ



**കൊച്ചി:** അതിവേഗം മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി ശാരീരിക ആരോഗ്യത്തെ മാത്രമല്ല, സങ്കൽപ്പിക്കാൻ പോലും കഴിയാത്ത വിധത്തിൽ ചർമത്തിന്റെ ആരോഗ്യത്തെയും ബാധിക്കുന്നുണ്ടെന്ന് വിദഗ്ധർ. സൂര്യപ്രകാശം, ദോഷകരമായ അൾട്രാവയലറ്റ് രശ്മികൾ, വായു മലിനീകരണം, അന്തരീക്ഷ ഈർപ്പം എന്നിവ പോലുള്ള പ്രശ്നങ്ങൾ നീണ്ടുനിൽക്കുന്നത് നേർത്ത വരകൾ, ചുളിവുകൾ പോലുള്ള ചർമ പ്രശ്നങ്ങൾക്ക് കാരണമാകും. ഭക്ഷണക്രമത്തിൽ ചില മാറ്റങ്ങൾ വരുത്തിയാൽ ഒരുപരിധി വരെ ചർമത്തിന്റെ ആരോഗ്യം നിലനിർത്താനും,അകാല വാർധക്യം തടയുന്നതിനും സഹായമായേക്കാമെന്ന് ചർമ്മ വിദഗ്ധയും കോസ്മെറ്റോളജിസ്റ്റുമായ ഡോ.ഗീതിക മിത്തൽ പറഞ്ഞു. ബദാം, തൈര്, സാൽമൺ ഫിഷ്, മധുരക്കിഴങ്ങ്, ഓറഞ്ച് പോലുള്ള സിട്രസ് പഴങ്ങൾ തുടങ്ങിയവ ഭക്ഷണത്തിൽ ഉപയോഗിക്കാമെന്നും അവർ നിർദേശിച്ചു. ആന്റിഏജിങ് ഗുണങ്ങൾ നൽകുന്ന ബദാമിൽ വിറ്റാമിൻ ഇ ധാരാളമായി കാണപ്പെടുന്നുണ്ട്. ഇത് ചർമത്തിന്റെ നിറവും ഘടനയും നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കും. ബദാം ദിവസവും കഴിക്കുന്നത് സൂര്യപ്രകാശം മൂലമുണ്ടാകുന്ന ചർമത്തിന് കേടുപാടുകൾ വരുത്തുന്ന പ്രധാന ഉറവിടമായ യുവിബി പ്രകാശത്തോടുള്ള ചർമ്മത്തിന്റെ പ്രതിരോധത്തെ പിന്തുണയ്ക്കുകയും ചെയ്യും. ഒമേഗ3 ഫാറ്റി ആസിഡുകളാൽ സമ്പന്നമാണ് സാൽമൺ ഫിഷ്. വിറ്റാമിൻ ഇ, സി തുടങ്ങിയ ആന്റിഓക്സിഡന്റുകളാൽ സമ്പന്നമാണ് മധുരക്കിഴങ്ങ്. ചർമത്തിന്റെ ആരോഗ്യത്തിന് അത്യാവശ്യമായ വിറ്റാമിൻ സി അടങ്ങിയിട്ടുള്ള പഴങ്ങളാണ് ഓറഞ്ച്, ബെറീസ് തുടങ്ങിയവ. വിറ്റാമിനുകളായ ബി2, ബി6, ബി12 എന്നിവയുൾപ്പെടെ ലാക്റ്റിക് ആസിഡും ആന്റിഓക്സിഡന്റുകളും നൽകുന്ന സ്രോതസാണ് തൈര്.

# കുസാറ്റിൽ സ്കൂൾ കുട്ടികൾക്കുള്ള വെക്കേഷൻക്യാമ്പ് ആരംഭിച്ചു

**കൊച്ചി:** ശാസ്ത്രം നാം പഠിക്കേണ്ടത് ജീവിതത്തിൽ നിന്നും ആണെന്നും നാം പഠിക്കുന്ന എന്തും അറിവുകൾ ആണെന്നും ഡി.ആർ.ഡി.ഒ ഡയറക്ടർ ജനറൽ (റിസോഴ്സ് & മാനേജ്മെന്റ്) ഡോ. മനു കൊറൂള. കുസാറ്റ് സെന്റർ ഫോർ സയൻസിൽ സ്കൂൾ കുട്ടികളുടെ വെക്കേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ നല്ല ഗവേഷണപാടവമുള്ള കുട്ടികളെ എന്നും പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നും കുട്ടികളുടെ ശാസ്ത്രപാടവം അതുവഴി നമ്മുടെ രാജ്യത്തിനുകൂടി പ്രയോജനകരമായി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ ഡോ.എ.യു.അരുൺ അധ്യക്ഷനായി. എൻ.പി.ഓ.എൽ ഡയറക്ടർ ഡി.ശേഷാഗിരി, സിസിസ് ഡയറക്ടർ ഡോ.ഷൈജു.പി, ഡോ.അബേഷ് രഘുവരൻ എന്നിവർ സംസാരിച്ചു. ക്യാമ്പ് ഒരുമാസം നീണ്ടുനിൽക്കും.



സമുദ്രോത്പന്ന വ്യവസായത്തിന് വികസന പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ രീതികൾ, ആധുനികവൽക്കരണം, സുസ്ഥിര വളർച്ച തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യ്ത സി എം എഫ് ആർഐയിൽ നടന്ന വിദഗ്ദ്ധ സമ്മേളനം സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്ഇഎഐ) സെക്രട്ടറി ജനറൽ ഡോ. കെ. എൻ. രാഘവൻ ഉദ്ഘാടനം ചെ യ്യുന്നു. സി എം എഫ് ആർ ഐഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, അബാദ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അൻവർ ഹാഷിം, വിഐഎസ് ഗ്രൂപ്പ് ഡയറക്ടർ മംഗള ചന്ദ്രൻ, ഡോ. നികിത ഗോപാൽ, . ശക്തിവേൽ, വിഐഎസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജെ.പി. നായർ എന്നിവർ സമീപം

# സംസ്ഥാനത്ത് മത്സ്യകൃഷി പുനരുജ്ജീവിപ്പിക്കണമെന്ന് വിദഗ്ദ്ധർ

**കൊച്ചി:** സമുദ്രോത്പന്ന വ്യവസായത്തിന് വികസന പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ രീതികൾ, ആധുനികവൽക്കരണം, സുസ്ഥിര വളർച്ച തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യ്ത വിദഗ്ദ്ധ സമ്മേളനം കൊച്ചി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സിഎംഎഫ്ആർഐ) നടന്നു.

ജൂൺ 12, 13 തിയ്യതികളിലായി വി.ഐ.എസ് ഗ്രൂപ്പ് മുംബൈയിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഫിഷറീസ് ടെക് എക്സ്പോ 2025 ന്റെ മുന്നോടിയായാണ് സമ്മേളനം സംഘടിപ്പിച്ചത്.

'മത്സ്യകൃഷി, മത്സ്യബന്ധന മേഖലയിലും, അന്താരാഷ്ട്ര വിപണനത്തിലും സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ' എന്ന പ്രമേയത്തിൽ വിപണിയിലെ അസ്ഥിരത, മൂല്യവർദ്ധനവ്, കാലാവസ്ഥാ വ്യതിയാനം, അമിത മത്സ്യബന്ധനം, അന്താരാഷ്ട്ര വ്യാപാര തടസ്സങ്ങൾ തുടങ്ങിയ ചർച്ചകൾ നടന്നു.

ചരിത്രപരമായി ഇന്ത്യയുടെ സമുദ്രവിഭവ കയറ്റുമതിയുടെ നാഡി കേന്ദ്രം കേരളമാണെങ്കിലും, മത്സ്യകൃഷിയിൽ വന്ന മാറ്റങ്ങൾ സ്വീകരിക്കുന്നതിൽ വന്ന കാലതാമസവും ചില അന്താരാഷ്ട്ര നയങ്ങളും സംസ്ഥാനത്തെ പിന്നോട്ട് നയിച്ചുവെന്ന് വിദഗ്ധർ അഭിപ്രിയപ്പെട്ടു.

സമുദ്രോത്പന്ന കയറ്റുമതിയുടെ തലസ്ഥാനമായിരുന്നു സംസ്ഥാനത്ത് ഇന്ന് പല സംസ്കരണ യൂണിറ്റുകളും നിശ്ചലാവസ്ഥയിലാണ്. ഈ അവസ്ഥ തടയാൻ ശാസ്ത്രീയ പരിഹാരങ്ങൾക്കൊപ്പം നയത്തിലും പൊതുധാരണയിലും തന്ത്രപരമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ ഡോ. കെ. എൻ. രാഘവൻ പറഞ്ഞു.നിർണായക നടപടികളില്ലെങ്കിൽ, ആന്ധ്രാപ്രദേശും മറ്റ് തീരദേശ സംസ്ഥാനങ്ങളും മുന്നേറുമ്പോൾ കേരളം കൂടുതൽ പിന്നോട്ട് പോകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

സമുദ്രോത്പന്ന വ്യവസായത്തിന്റെ തകർച്ചയ്ക്ക് പിന്നിലെ കാരണങ്ങൾ അബാദ് ഗ്രൂപ് മാനേജിംഗ് ഡയറക്ടർ അൻവർ ഹാഷിം വിശദീകരിച്ചു. അടിത്തട്ടിലെ ട്രോളിംഗ് നിർത്തുക, വലിയ തോതിലുള്ള മത്സ്യകൃഷി ആരംഭിക്കുക എന്നിവയാണ് മുന്നോട്ടുള്ള വഴി, അൻവർ ഹാഷിം പറഞ്ഞു.

സമുദ്രോത്പന്ന ഫാക്ടറികൾ നിലനിർത്തുന്നതിന് ചെമ്മീൻ, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം സർക്കാരിനോട് ആവശ്യപ്പെട്ടു.മത്സ്യബന്ധന കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന കർമ്മ പദ്ധതി മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട്സ് ഡവലപ്മെന്റ് അതോറിറ്റി ( എം പി ഇ ഡി എ ) റിപ്പോർട്ട് അവതരിപ്പിച്ചു.

ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തിന് അടിസ്ഥാന സൗകര്യങ്ങളും സുസ്ഥിരമായ രീതികളും വളരെ ആവശ്യമാണ്.സംസ്ഥാനത്തിന്റ വിപുലമായ സമുദ്ര, ഉൾനാടൻ ജലസ്രോതസ്സുകൾ 590 കിലോമീറ്റർ തീരപ്രദേശം, 87,000 ഹെക്ടർ ശുദ്ധജലം, 65,000 ഹെക്ടർ ഉപ്പുവെള്ളം മത്സ്യകൃഷിയും മത്സ്യബന്ധനവും വികസിപ്പിക്കുന്നതിന് അനന്തമായ സാധ്യതകളാണ് നൽകുന്നത്.

2023-24 ൽ രാജ്യത്തെ സമുദ്ര മത്സ്യ ഉൽപാദനത്തിൽ സംസ്ഥാനം 6.33 ലക്ഷം മെട്രിക് ടൺ സംഭാവന ചെയ്തു, ദേശീയതലത്തിൽ രണ്ടാം സ്ഥാനം നേടി.എന്നാൽ, ചെമ്മീൻ കൃഷിയുടെ കാര്യത്തിൽ, കേരളത്തിന്റ 2571 മെട്രിക് ടൺ ഉൽപ്പാദനം, ആന്ധ്രാപ്രദേശിന്റെ 9.64 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ പിന്നിലാണ്. പരമ്പരാഗത രീതികൾക്കപ്പുറം സുസ്ഥിര മത്സ്യകൃഷിയെ ശക്തമായി പ്രോത്സാഹിപ്പിക്കേണ്ട മേഖലയാണ്.

എറണാകുളം, ആലപ്പുഴ, തൃശൂർ, കൊല്ലം എന്നിവ കേരളത്തിലെ പ്രധാന ചെമ്മീൻ ഉത്പാദന കേന്ദ്രങ്ങളായി തുടരുന്നു, എന്നാൽ സംസ്ഥാനത്തെ 9,120 ഹെക്ടർ മത്സ്യക്കൃഷി സാധ്യതയുള്ള ഭൂമിയിൽ ഭൂരിഭാഗവും ഇപ്പോഴും ഉപയോഗശൂന്യമായി തുടരുകയാണെന്ന്

സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്ഇഎഐ) സെക്രട്ടറി ജനറൽ ഡോ. കെ. എൻ. രാഘവൻ, എസ്ഇഎഐ വൈസ് പ്രസിഡന്റ് അലക്സ് കെ. നൈനാൻ, എസ്ഇഎഐ സെക്രട്ടറി എസ്. രാമകൃഷ്ണൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, അബാദ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അൻവർ ഹാഷിം, ക്തിവേൽ, അസിസ്റ്റന്റ് ഡയറക്ടർ (ഡെവലപ്മെന്റ്) എംപിഇഡിഎ; ഐസിഎആർസിഐഎഫ്ടി ഇഐഎസ് ഡിവിഷൻ ഹെഡ് ഡോ. നികിത ഗോപാൽ, വിഐഎസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജെ.പി. നായർ, വിഐഎസ് ഗ്രൂപ്പ് ഡയറക്ടർ മംഗള ചന്ദ്രൻ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

# ലാബ് ഉപകരണങ്ങളും സ്റ്റോറേജ് ഫർണിച്ചറുകളും വിതരണം ചെയ്തു

**പിറവം:** പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി സമഗ്ര ശിക്ഷ കേരളവും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയും ചേർന്ന് ആവിഷ്കരിച്ച സ്റ്റാർസ് ഇൻറഗ്രേറ്റഡ് ലാബ് എന്ന നൂതന പദ്ധതിയുടെ ഭാഗമായി അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ വ്യത്യസ്ത പഠന പ്രവർത്തനങ്ങൾ ചെയ്യാൻ പിറവം ബി ആർ സി പരിധിയിലെ ആറ് സ്കൂളുകൾക്ക് ആവശ്യമായ ലാബ് ഉപകരണങ്ങളും സ്റ്റോറേജ് ഫർണിച്ചറുകളും വിതരണം ചെയ്തു.

ചടങ്ങിൽ പിറവം വിദ്യാഭ്യാസ ജില്ലാ പരിധിയിലെ സ്കൂളുകളായ ഗവ. യു പി കക്കാട്, ഗവ. യു പി കളമ്പൂർ, ഗവ. യു പി പിറമാടം, ഗവ. യു പി ഓണക്കൂർ സൗത്ത്, ഗവ. യു പി മേമുറി, ഗവ യു പി ഏഴക്കരനാട് എന്നീ സ്കൂളുകൾക്ക് ഐ ലാബ് ഉപകരണങ്ങളും വിതരണം ചെയ്തു.

ഒരു സ്കൂളിലേക്ക് ഒരു ഫർണിച്ചർ ബോക്സും രണ്ട് കാർട്ടൺ ബോക്സുകളും എന്ന രീതിയിലാണ് സ്കൂളുകളിലേക്ക് വിതരണം ചെയ്തത്.

പാമ്പാക്കുട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീകാന്ത് നന്ദനൻ യോഗം ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജയന്തി മനോജ്, ബി പി സി ഡോ. ഷൈനി ജി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്യാമള പ്രസാദ്, വാർഡ് മെമ്പർ ആലീസ് വർഗീസ്, ബി ആർ സി ട്രെയിനർ മസീന ഇ എ എന്നിവർ ചടങ്ങിന്റെ ഭാഗമായി.

# ഇൻഡെക്സ് 2025 എൻ.ഐ.ഡി.സി.സി എക്സിബിഷന് തുടക്കം

## എം.എസ്.എം.ഇകൾ കേരള സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല്: മന്ത്രി എ.കെ ശശീന്ദ്രൻ

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാല് മന്ത്രാലയങ്ങളുടെയും, 20 വിദേശ എംബസികളുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ 'ഇൻഡെക്സ് 2025' ന് അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ തുടക്കമായി. സംസ്ഥാന വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ എം.എസ്.എം.ഇ മേഖലയിൽ വലിയ മുന്നേറ്റമാണ് നടക്കുന്നതെന്നും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് എം.എസ്. എം.ഇ കളെന്നും മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. കോവിഡിനു ശേഷം കേരളത്തിന്റെ സമ്പദ് വ്യവസ്ഥ തകരാതെ പിടിച്ചു നിർത്താൻ സാധിച്ചതിൽ എം.എസ്.എം.ഇകൾ വലിയ പങ്കാണ് വഹിച്ചത്. കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്ന മേഖലയായി എം.എസ്.എം.ഇകൾ മാറിക്കഴിഞ്ഞു. നഗരകേന്ദ്രീകൃത സമ്പദ്ഘടനയുടെ വളർച്ച ഗ്രാമീണ മേഖലയിലേക്ക് വേണ്ടത്ര രീതിയിൽ വന്നിട്ടില്ല. ഗ്രാമീണ പിന്നാക്ക അവസ്ഥ പരിഹരിക്കുന്നതിൽ എം.എസ്.ഇകൾ പ്രധാന പങ്കാണ് വഹിക്കുന്നതെന്നും മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. കേന്ദ്ര, സംസ്ഥാന പദ്ധതികൾ സംബന്ധിച്ച് പൊതു ജനങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്നാണ് മനസിലാകുന്നതെന്നും ഇത് പരിഹരിക്കാൻ കുടുതൽ ബോധവൽക്കരണം അനിവാര്യമാണെന്നും മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു.

എൻ.ഐ.ഡി.സി.സി വൈസ് ചെയർപേഴ്സൺ ഗൗരി വത്സ അധ്യക്ഷത വഹിച്ചു. ക്യൂബൻ അംബാസിഡർ ജുവൻ കാർലോസ് മാർസൻ അഗ്യുലേറ,ഫിജി അംബാസിഡർ ജഗന്നാഥ് സമി, എൻ.ഐ.ഡി.സി ചെയർമാൻ കെ. ജയരാമൻ,എൻ.ഐ.ഡി.സി.സി ലെന്റിംഗ് പാർടണറും ഐസിഎൽ ഫിൻകോർപ്പ് സി.എം.ഡിയുമായ അഡ്വ. കെ.ജി അനിൽകുമാർ, എൻ.ഐ.ഡി സി.സി ഡെപ്യൂട്ടി ഡയറക്ടർ സോണിയ സെബാസ്റ്റ്യൻ, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കമ്മീഷണർ ഹരീഷ് ബി നായർ, എൻ.ഐ.ഡി.സി.സി അഡ്മിനിസ്ട്രേറ്റർ എസ്. വാസുദേവ് തുടങ്ങിയവർ സംസാരിച്ചു. എക്സിബിഷന്റെ ഭാഗമായി സജ്ജമാക്കിയിരിക്കുന്ന സ്റ്റാളുകളുടെ ഉദ്ഘാടനം റോജി. എം. ജോൺ എംഎൽ.എ നിർവ്വഹിച്ചു. എൻ.ഐ.ഡി.സി ദേശീയ ചെയർമാൻ കെ.ജയരാമൻ സംസാരിച്ചു. തുടർന്ന് സജീവ് നായരുടെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികളും നടന്നു. വ്യവസായ പുരോഗതിക്കായി നൂതന സാങ്കേതിക വിദ്യയോടെ രൂപീകരിച്ച ' ഇൻഡ് ആപ്പ് ന്റെ ലോഞ്ച് ഇന്ന് വൈകുന്നേരം മൂന്നിന് നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി നിർവ്വഹിക്കും.




**എൻ.ഐ.ഡി.സി.സി സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ 'ഇൻഡെക്സ് 2025 ' ന് അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. കെ.ജയരാമൻ, സജീവ് നായർ, സോണി സെബാസ്റ്റ്യൻ, ജഗനാഥ് സമി, ഗൗരി വത്സ,ജുവാൻ കാർലോസ് മാർസൻ അഗ്വിലേറ, അഡ്വ.കെ.ജി.അനിൽ കുമാർ, ഹരീഷ് ബി.നായർ എന്നിവർ സമീപം.**




**അമൃത് ഫാർമസിയുടെ നവീകരിച്ച ബ്രാൻഡ് ഐഡന്റിറ്റിയും ലോഗോയും എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. അനിത തമ്പി പ്രകാശനം ചെയ്യുന്നു**

## എച്ച്എൽഎല്ലിന്റെ അമൃത് ഫാർമസികൾക്ക് പുതിയ രൂപം; രാജ്യം മുഴുവൻ ശൃംഖല വ്യാപിപ്പിക്കും

**തിരുവനന്തപുരം:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയറിന്റെ ഡയമണ്ട് ജൂബിലി വർഷത്തിൽ, കുറഞ്ഞ വിലയിൽ മരുന്നുകളും ഇംപ്ലാന്റുകളും ലഭ്യമാക്കുന്ന ജനപ്രിയ ഫാർമസി ശൃംഖല രാജ്യമുഴുവൻ വ്യാപിപ്പിക്കും.

പുതിയ മാറ്റം രാജ്യമെമ്പാടുമുള്ള സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ മികച്ച മരുന്നുകൾ ലഭ്യമാക്കുക എന്ന അമൃത് ഫാർമസിയുടെ ലക്ഷ്യത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. അനിത തമ്പി പറഞ്ഞു. മുന്നോട്ടുള്ള യാത്രയിലെ പുതിയ അധ്യായമാണ് അമൃത് എന്ന ബ്രാൻഡിലൂടെ എച്ച്എൽഎൽ കുറിച്ചിരിക്കുന്നത്. ചുരുങ്ങിയ വിലയിൽ ലോകോത്തരനിലവാരവുമുള്ള ഇംപ്ലാന്റ് ഉൽപ്പന്നങ്ങൾ അമൃത് ഫാർമസികളിലൂടെ ആവശ്യക്കാരിലേക്ക് എച്ച്എൽഎൽ എത്തിക്കും. അമൃത് ഫാർമസിയുടെ പുതിയ ബ്രാൻഡ് ഐഡന്റിറ്റിയും ലോഗോയും എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. അനിത തമ്പി പ്രകാശനം ചെയ്തു. ചടങ്ങിൽ ഡയറക്ടർ (മാർക്കറ്റിംഗ്) അജിത് എൻ, ഗ്രൂപ്പ് ഹെഡ് ബെന്നി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

## മുകേഷ് അംബാനിയുടെ റിലയൻസ് കുതിയ്ക്കുന്നു

**മുംബൈ:** റീട്ടെയ് ൽ രംഗത്ത് നിക്ഷേപിക്കാവുന്ന മികച്ച ഓഹരിയായി മുകേഷ് അംബാനിയുടെ റിലയൻസെന്ന് ഓഹരി രംഗത്തെ നിക്ഷേപ സേവനകമ്പനികൾ നിർദേശിക്കുന്നു. 202425 സാമ്പത്തിക വർഷത്തിലെ നാലാം സാമ്പത്തിക പാദമായ 2025 ജനവരിമാർച്ച് കാലയളവിൽ 19407 കോടി രൂപയുടെ അറ്റാദായമാണ് റിലയൻസ് നേടിയത്. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2.4 ശതമാനത്തിന്റെ കുതിപ്പാണ് ലാഭത്തിൽ ഉണ്ടായത്. റിലയൻസ് ഇൻഡസ്ട്രീസ് ഇക്കുറി ഓഹരിയുടമകൾക്ക് 5.50 രൂപ ലാഭവീതമാണ് ഓഹരിയൊന്നിന് നൽകുക.

2025 ജനവരി മുതൽ മാർച്ച് വരെ മാത്രം കമ്പനിയുടെ പ്രവർത്തന വരുമാനം 2.6 ലക്ഷം കോടി രൂപയാണ്. 2024 ജനവരി മുതൽ മാർച്ച് വരെ ഇത് 2.4 ലക്ഷം കോടി മാത്രമായിരുന്നു. ഇതോടെ റിലയൻസിന്റെ ഓഹരി വില കഴിഞ്ഞ അഞ്ച് ദിവസമായി തുടർച്ചയായി ഉയരുകയാണ്. ഏപ്രിൽ 28ന് വെറും 1331 രൂപ മാത്രമുണ്ടായിരുന്ന ഓഹരി വില മെയ് 2ന് 1422 രൂപയിൽ എത്തി. ഒരു ഓഹരിയിൽ 91 രൂപയുടെ കുതിപ്പാണ് ഉണ്ടായത്. റിലയൻസ് ഓഹരിയുടെ വിലയിൽ 6.5 ശതമാനം കുതിപ്പാണുണ്ടായത്. 2025ൽ ജനവരി മുതൽ മെയ് വരെയുള്ള അഞ്ച് മാസങ്ങളിൽ റിലയൻസ് ഓഹരിക്ക് 12 ശതമാനം കുതിപ്പാണ് ഉണ്ടായത്.

പുതിയ സാമ്പത്തിക വർഷമായ 202526ൽ റിലയൻസ് പുതിയ ഉയർച്ചകളിലേക്ക് കുതിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിശകലനം. ഇപ്പോഴത്തെ 1422 രൂപയിൽ നിന്നും 2026 അവസാനത്തോടെ 1720 രൂപയിലേക്ക് റിലയൻസ് ഓഹരി കുതിക്കുമെന്നാണ് വിദഗ്ധർ കണക്കുകൂട്ടുന്നത്. വെറും ഒരു പെട്രോളിം കമ്പനി എന്ന നിലയിൽ നിന്നും ഡിജിറ്റൽ, ഉപഭോക്തൃ കമ്പനി എന്ന നിലയിലേക്കു കൂടി റിലയൻസ് ഉയർന്നു കഴിഞ്ഞുവെന്ന് അമേരിക്കൻ നിക്ഷേപബാങ്കായ മോർഗൻ സ്റ്റാൻലിയുടെ മായാങ്ക് മഹേശ്വരി പറയുന്നു.

## ഹീറോ മോട്ടോകോർപ്പിന്റെ മൊത്ത വിൽപ്പനയിൽ വൻ ഇടിവ്

### ബജാജ് ഓട്ടോയുടെയും അശോക് ലെയ്‌ലാൻഡിന്റെയും വിൽപ്പനയും കുറഞ്ഞു

**ന്യൂദൽഹി :** ഹീറോ മോട്ടോകോർപ്പിന്റെ മൊത്തവ്യാപാരത്തിൽ വൻ ഇടിവ്. ഏപ്രിലിൽ 43 ശതമാനം ഇടിഞ്ഞ് 3,05,406 യൂണിറ്റായി. ഏപ്രിൽ 17 മുതൽ 19 വരെ കമ്പനി ധരുഹേര, ഗുരുഗ്രാം, ഹരിദ്വാർ, നീംറാന എന്നീ സൗകര്യങ്ങളിലെ ഉത്പാദനം താൽക്കാലികമായി നിർത്തിവച്ചിരുന്നു. ഇതാണ് മൊത്ത വിൽപ്പന കുറയാൻ പ്രധാന കാരണം. 2024 ഏപ്രിലിൽ 5,13,296 യൂണിറ്റുകളിൽ നിന്ന് ഈ വർഷം ഏപ്രിലിൽ 2,88,524 യൂണിറ്റായി ആഭ്യന്തര വിൽപ്പന കുറഞ്ഞുവെന്ന് ഹീറോ മോട്ടോകോർപ്പ് വെ



ള്ളിയാഴ്ച പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 20,289 യൂണിറ്റായിരുന്നുവെങ്കിൽ ഇത്തവണ കയറ്റുമതി 16,882 ആയി കുറഞ്ഞു.

കമ്പനിയുടെ കണക്കനുസരിച്ച് ഏപ്രിലിൽ 5.05 ലക്ഷം ഇന്റേണൽ കംബസ്റ്റൻ എഞ്ചിൻ (ഐസിഇ) ഇരുചക്രവാഹനങ്ങളുടെ രജിസ്ട്രേഷനും നടന്നു. ഇതിനു പുറമെ ബജാജ് ഓട്ടോയുടെ വിൽപ്പനയിലും ആറ് ശതമാനം ഇടിവ് രേഖപ്പെടുത്തി. അതുപോലെ വാണിജ്യ വാഹന നിർമ്മാതാക്കളായ അശോക് ലെയ്‌ലാൻഡിന്റെ മൊത്തം വിൽപ്പനയും ഏപ്രിലിൽ 6 ശതമാനം കുറഞ്ഞ് 13,421 യൂണിറ്റായി.

## ടിവിഎസ് ക്രെഡിറ്റിന് 767 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ്സികളിൽ ഒന്നായ ടിവിഎസ് ക്രെഡിറ്റ് സർവ്വീസസ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 34 ശതമാനം വളർച്ചയോടെ 767 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. 35 ശതമാനം വളർച്ചയോടെ 1025 കോടി രൂപയുടെ പ്രവർത്തന ലാഭവും കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ കൈകാര്യം ചെയ്ത ആസ്തികൾ 26,647 കോടി രൂപയുടേതായിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ നാലാം ത്രൈമാസത്തിൽ 1674 കോടി രൂപയുടെ ആകെ വരുമാനവും 53 ശതമാനം വർധനവോടെ 226 കോടി രൂപയുടെ അറ്റാദായവും കൈവരിച്ചതായി സാമ്പത്തിക ഫലങ്ങൾ ചൂണ്ടിക്കാട്ടുന്നു.

നാലാം ത്രൈമാസത്തിൽ 13 ലക്ഷം പുതിയ ഉപഭോക്താക്കൾക്ക് വായ്പകൾ വിതരണം ചെയ്ത ടിവിഎസ് ക്രെഡിറ്റ് ആകെ ഉപഭോക്താക്കളുടെ എണ്ണം 1.9 കോടിയായി ഉയർത്തിയിട്ടുമുണ്ട്.

## ഗ്രേറ്റ് സമ്മർ സെയിൽ അവതരിപ്പിച്ച് ആമസോൺ ഇന്ത്യ




**കൊച്ചി :** ഗ്രേറ്റ് സമ്മർ സെയിൽ അവതരിപ്പിച്ച് ആമസോൺ ഇന്ത്യ.സ്!മാർട്ട്ഫോണുകൾ ആക്സസറികൾ, ഹോം അപ്ലയൻസസ്, ടെക് & എൻറർടെയിൻമെൻറ്, ഗ്രോസറീസ് & ഡെയ്‌ലി എസ്സെൻഷ്യൽസ് ഹോം, കിച്ചൻ, ഔട്ട്ഡോർ ഉൽപ്പന്നങ്ങളുടെ വിപുലമായ സെലക്ഷനിൽ ആകർഷകമായ ഡീലുകൾ ഉപഭോക്താക്കൾക്ക് ഓഫർ ചെയ്യുന്നു. ആമസോൺ ഇന്ത്യ ഗ്രേറ്റ് സമ്മർ സെയിൽ മെയ് 1 ഉച്ചയ്ക്ക് ആരംഭിച്ചു.

## റിന്യൂബൈ ഓട്ടോ ലോൺ വിഭാഗത്തിലേക്ക് പ്രവേശിക്കുന്നു

**കൊച്ചി:** പ്രമുഖ ഇൻസുടെക് റിന്യൂബൈ ഓട്ടോ ലോൺ ബിസിനസിലേക്ക് പ്രവേശിക്കുന്നു. 2025 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ 100 കോടി രൂപ വാഹന വായ്പയായി റിന്യൂബൈ അനുവദിച്ചു. 2026 സാമ്പത്തിക വർഷത്തിൽ വാഹന വായ്പ വിതരണത്തിൽ 1,500 കോടി രൂപയും 10,000 പുതിയ ഉപഭോക്താക്കളെയും ലക്ഷ്യമിട്ട് ഇൻഷുർടെക് ലീഡർ ഇപ്പോൾ 15 മടങ്ങ് വളർച്ചയാണ് ലക്ഷ്യമിടുന്നത്. 2025 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ കമ്പനി 100 കോടി രൂപ വിതരണം ചെയ്തു.

വാഹന വായ്പാ വിപണി 1516% സംയുക്ത വാർഷിക വളർച്ചാ നിരക്കിൽ (സിഎജിആർ) വളരുന്ന സാഹചര്യത്തിൽ ആർബി വീൽസിലൂടെ, ഫിനാൻസിംഗ് മുതൽ ഇൻഷുറൻസ് വരെ വാഹന ഉടമസ്ഥാവകാശ പ്രക്രിയ ലളിതമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ട് ഈ വളർച്ച പ്രയോജനപ്പെടുത്താനാണ് റിന്യൂബൈ ശ്രമിക്കുന്നത്, ഉപയോക്താക്കൾക്ക് വേഗതയേറിയതും കൂടുതൽ കാര്യക്ഷമവും ഡിജിറ്റലായതുമായ സേവനമാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി എസ്ബിഐ, ആക്സിസ് ബാങ്ക് തുടങ്ങിയ 18 പ്രമുഖ ബാങ്കുകളുമായും എൻബിഎഫ്സികളുമായും സഹകരിച്ച് ഡെഡിക്കേറ്റഡ് ലോൺ സവിശേഷതകളോടെ റിന്യൂബൈയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോം നവീകരിക്കുകയും ചെയ്തു.

വാഹന വായ്പകൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതും തടസ്സമില്ലാത്തതും ഡിജിറ്റലുമാക്കി മാറ്റുന്നതിനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് റിന്യൂബൈ സഹസ്ഥാപകൻ ഇന്ദ്രനീൽ ചാറ്റർജി പറഞ്ഞു. ഉപഭോക്താക്കൾക്ക് ഇപ്പോൾ പുതിയ വാഹന ധനസഹായം, ബാലൻസ് ട്രാൻസ്ഫറുകൾ, ടോപ്പ്അപ്പ് വായ്പകൾ, ഇൻഷുറൻസ് പരിഹാരങ്ങൾ എന്നിവ ഒരു കുടക്കീഴിൽ തടസ്സമില്ലാതെ ആക്സസ് ചെയ്യാനാകുമെന്നും അദ്ദേഹം പറഞ്ഞു.

## കേരളത്തിൽ ആകാശ് എഡ്യുക്കേഷണൽ സർവീസസിന് ജെഇഇ മെയിൻസ് പരീക്ഷയിൽ മികച്ച നേട്ടം

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പരീക്ഷാ തയ്യാറെടുപ്പ് സ്ഥാപനം ആയ ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ജെഇഇ മെയിൻസ് 2025 ൽ മികച്ച വിജയം നേടി. കേരളത്തിൽ നിന്നുള്ള 10 പേരിലധികം വിദ്യാർത്ഥികൾ 99 ശതമാനത്തിനും മുകളിൽ റാങ്കുകൾ നേടി. ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ്, തിരുവനന്തപുരം ശാഖയിൽ നിന്നുള്ള ആര്യൻ വി നായർ (എഐആർ 2070), ജോശ്വ ജേക്കബ് തോമസ് (എഐആർ 3982), അദിക് (എഐആർ 11554) കൊച്ചി ശാഖയിൽ നിന്നുള്ള അനിരുദ്ധ് എം. അഭിലാഷ് (എഐആർ 2936), ദിനേശ് പാലിവാൽ (എഐആർ 4746),. കോഴിക്കോട് ശാഖയിൽ നിന്നുള്ള രശിബ് സബീബ് (എഐആർ13966) എന്നിവർ മുൻനിര റാങ്ക് നേടി.

# ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് പുതിയ യുലിപ്പ് പ്രോഗ്രോ പ്ലാൻ അവതരിപ്പിച്ചു

**മുംബൈ:** മുൻനിര സ്വകാര്യ ലൈഫ് ഇൻഷുറർമാരിൽ ഒന്നായ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ (യുലിപ്പ്) വിഭാഗത്തിലെ തങ്ങളുടെ ഏറ്റവും പുതിയ പ്രോഗ്രോ പ്ലാൻ അവതരിപ്പിച്ചു.





ദീർഘകാല സമ്പത്ത് സൃഷ്ടിക്കുന്നതിനൊപ്പം, സാമ്പത്തിക ഭാവി സുരക്ഷിതമാക്കാൻ ലക്ഷ്യമിടുന്ന വ്യക്തികൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന പ്രോഗ്രോ പ്ലാൻ, ഡൈനാമിക് മാർക്കറ്റ്ലിങ്ക്ഡ് വളർച്ചാ സാധ്യതയുടെയും ശക്തമായ ലൈഫ് ഇൻഷുറൻസ് പരിരക്ഷയുടെയും ഇരട്ട ഗുണങ്ങളെ സംയോജിപ്പിക്കുന്നു.

ലോയൽറ്റി അഡിഷനുകൾ, റിട്ടേൺ ഓഫ് ചാർജുകൾ, വഴക്കമുള്ള നിക്ഷേപ ഓപ്ഷനുകൾ എന്നിവ പോലുള്ള മൂല്യവർദ്ധിത സവിശേഷതകളോടെ പ്രോഗ്രോ പ്ലാൻ ലഭ്യമാണ്. ലോക്ക്ഇൻ കഴിഞ്ഞുള്ള ഭാഗിക പിൻവലിക്കലുകൾ, പോളിസി പുനരുജ്ജീവന ഓപ്ഷനുകൾ, സുതാര്യമായ ചാർജുകൾ തുടങ്ങിയ ഉപഭോക്തൃ സൗഹൃദ സവിശേഷതകളോടെ, പ്രോഗ്രോ പ്ലാൻ സമാനതകളില്ലാത്ത നിയന്ത്രണവും സൗകര്യവും വാഗ്ദാനം ചെയ്യുന്നു.

വഴക്കത്തിലും ദീർഘകാല സമ്പത്ത് സൃഷ്ടിക്കലിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, പ്രോഗ്രോ പ്ലാൻ പോളിസി ഉടമകൾക്ക് അവരുടെ ഇൻഷുറൻസ്, നിക്ഷേപ തിരഞ്ഞെടുപ്പുകൾ ഇഷ്ടാനുസൃതമാക്കാൻ അനുവദിക്കുന്നു. ഉപഭോക്താക്കൾക്ക് അവരുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളും റിസ്ക് താല്പര്യങ്ങളും അടിസ്ഥാനമാക്കി ഉപഭോക്താക്കൾക്ക് അവരുടെ ലൈഫ് കവർ മൾട്ടിപ്പിൾ, പ്രീമിയം പേയ്മെന്റ് ടേം, പോളിസി ദൈർഘ്യം, നിക്ഷേപ തന്ത്രങ്ങൾ എന്നിവ തിരഞ്ഞെടുക്കാം.

# ഓൺലൈൻ ചെക്ക് ഇൻ എളുപ്പമാക്കാൻ ഓട്ടോ വിസ ചെക്ക് സൗകര്യമൊരുക്കി എയർ എഷ്യ

**കൊച്ചി:** വിസയും ഇലക്ട്രോണിക് ട്രാവൽ ഓതറൈസേഷനും (ഇടിഎ) ആവശ്യമായ അന്താരാഷ്ട്ര യാത്രകളിലെ ഓൺലൈൻ ചെക്ക്ഇൻ സുഗമാക്കുന്നതിനായി ഓട്ടോ വിസ ചെക്ക് (എവിസി) സൗകര്യമൊരുക്കി എയർ ഏഷ്യ.




ചെക്ക്ഇൻ കൗണ്ടറുകളിലെ കാത്തിരിപ്പും തിരക്കും ഒഴിവാക്കി അനായാസ യാത്ര ഉറപ്പാക്കാനാണ് എയർ ഏഷ്യ ഇത്തരമൊരു നൂതന സംവിധാനം അവതരിപ്പിച്ചത്. സാധാരണയായി വിസ ആവശ്യമായ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് വിമാനത്താവളത്തിൽ വിസ പരിശോധിച്ച ശേഷം മാത്രമേ ചെക്ക് ഇൻ സാധ്യമാകൂ.

പുതിയ എവിസി സംവിധാനം വഴി യാത്രയ്ക്ക് 14 ദിവസം മുതൽ ഒരു മണിക്കൂർ മുൻപ് വരെ എവിടെയിരുന്നും ഓൺലൈനായി ചെക്ക് ഇൻ ചെയ്യാം. മൾട്ടിപ്പിൾ എൻട്രി വിസ ഉള്ളവർക്ക് മാത്രമേ നിലിവിൽ എവിസി സൗകര്യം ലഭിക്കൂ.

എയർ ഏഷ്യ മൂവ് ആപ്പ് ഉപയോഗിച്ചോ www.airasia.com വെബ്സൈറ്റ് വഴിയോ ആണ് ഓട്ടോ വിസ ചെക്ക് ഇൻ ചെയ്യേണ്ടത്. സൈറ്റിൽ കയറി ഫ്ളൈറ്റ് തിരഞ്ഞെടുക്കണം. തുടർന്ന് പാസ്പോർട്ടിലെ സ്റ്റിക്കർ വിസ സ്കാൻ ചെയ്യുകയോ ഇവിസ അപ്ലോഡ് ചെയ്യുകയോ വേണം. വിസയുടെ പരിശോധന കഴിഞ്ഞ ഉടൻ ഇ ബോർഡിംഗ് പാസ് ലഭിക്കും.

ഹാൻഡ് ബാഗേജ് മാത്രമായി യാത്ര ചെയ്യുന്നവർക്ക് ഇബോർഡിംഗ് പാസുമായി നേരിട്ട് ബോർഡിംഗ് ഗേറ്റിലേക്ക് പോകാം. ആവശ്യമെങ്കിൽ കിയോസ്കിലൂടെ ബോർഡിംഗ് പാസ് പ്രിന്റ് ചെയ്യാനും സാധിക്കും. ചെക്ക് ഇൻ ബാഗേജ് ഉള്ളവർക്ക് കിയോസ്കിൽ നിന്നും ബാഗ് ടാഗ് പ്രിന്റ് ചെയ്ത് നിശ്ചയിച്ച് കൗണ്ടറിലെത്തി ബാഗേജ് ഏൽപ്പിക്കാം.

# കോക്ക് സീറോയും സ്വിഗ്ഗി ഇൻസ്റ്റമാർട്ടും കൈകോർക്കുന്നു

**കൊച്ചി:** സീറോ ഷുഗർ കലോറി രഹിത പാനീയമായ കൊക്കക്കോള സ്വിഗ്ഗി ഇൻസ്റ്റമാർട്ടുമായി പങ്കാളിത്തത്തിലേർപ്പെടുന്നു. ജനപ്രിയ ബോളിവുഡ് നടൻ ടൈഗർ ഷ്റോഫ് അവതരിപ്പിച്ചിരിക്കുന്ന ക്യാംപയിനിൽ വെറും പത്ത് മിനിറ്റിനുള്ളിൽ എവിടെയും തടസമില്ലാത്ത റിഫ്രഷ്മെന്റ് എത്തിക്കുന്നതിനായുള്ള പ്രതിബദ്ധതയെ ശക്തിപ്പെടുത്തുകയാണ്.




'ജീവിതം തടസപ്പെട്ടു, രുചി തടസപ്പെട്ടില്ല' എന്ന ടാഗ് ലൈനിലുള്ള പരസ്യ ചിത്രങ്ങൾ ജീവിതത്തിലെ ദൈനംദിന തടസ്സങ്ങളെ രസകരമായി പകർത്തിക്കൊണ്ട് സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴി ഉടനടി ലഭിക്കുന്ന കൊക്കകോള സീറോ ഷുഗറിലൂടെ, ഏത് നിമിഷവും രുചിയും ജീവിതത്തിന്റെ സന്തോഷങ്ങളും തടസ്സമില്ലാതെ തുടരുന്നുവെന്ന് കാണിക്കുന്നു.

കലോറി രഹിത പാനീയങ്ങളാണ് ഇന്ന് കൂടുതൽ പേർക്കും താത്പര്യം. പഞ്ചസാര രഹിതമായ കൊക്കക്കോളയുടെ ഉന്മേഷദായകമായ അനുഭവമാണ് കൊക്കക്കോള സീറോ ഷുഗർ വാഗ്ദാനം ചെയ്യുന്നതെന്ന് കൊക്കകോള ടിഎം സീനിയർ ഡയറക്ടർ കാർത്തിക് സുബ്രമണ്യൻ പറഞ്ഞു. സ്വിഗ്ഗി ഇൻസ്റ്റമാർട്ടുമായുള്ള സഹകരണം ഇതിനെ ഒരുപടി കൂടി മുന്നോട്ട് കൊണ്ടുപോകുകയാണ്. ഉപഭോക്താക്കൾക്ക് മിനിറ്റുകൾക്കുള്ളിൽ കോക്ക് സീറോ ഓർഡർ ചെയ്യാനും ആസ്വദിക്കാനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു.




# മുൻനിര ടെക് സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് നേടി എൻഎസ്ടി വിദ്യാർത്ഥികൾ

**കൊച്ചി:** ഇന്റേൺഷിപ്പിൽ ചരിത്ര നേട്ടവുമായി ബെംഗളൂരു ന്യൂട്ടൺ സ്കൂൾ ഓഫ് ടെക്നോളജിയിലെ (എൻഎസ്ടി) വിദ്യാർഥികൾ. രണ്ടാം വർഷ ബിരുദ സിഎസ് എഐ വിദ്യാർഥികളിൽ 93% പേർക്കും റേസർ പേ, സർവം എഐ, സുംകാർ, അലൻ ഡിജിറ്റൽ, ഫിസിക്സ് വാലാ, ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) തുടങ്ങി ഇന്ത്യയിലുടനീളമുള്ള പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളിലാണ് ഇന്റേൺഷിപ്പുകൾ നേടാനായത്. ഇതിന് പുറമേ ഈ വിദ്യാർഥികളിൽ 25% പേർ രണ്ടാം വർഷത്തിന്റെ അവസാനത്തോടെ രണ്ട് ഇന്റേൺഷിപ്പുകൾ പൂർത്തിയാക്കുകയും ചെയ്തു. ഇതും ഇന്ത്യയിലെ ബിരുദ വിദ്യാർഥികൾക്കിടയിൽ അപൂർവ നേട്ടമാണ്. ഡിഫൻസ്, എഐ സ്റ്റാർട്ടപ്പുകൾ, ഫിൻടെക്, ഡിജിറ്റൽ മാർക്കറ്റിങ്, മാനുഫാക്ചറിങ്, എജ്യുക്കേഷൻ തുടങ്ങിയ വ്യവസായങ്ങളിലായി 47 പ്രമുഖ സ്ഥാപനങ്ങളിലാണ് വിദ്യാർഥികൾ ഇന്റേൺഷിപ്പ് ചെയ്യുക. സാധാരണയായി മൂന്നാം വർഷത്തിൽ ഇന്റേൺഷിപ്പുകൾ ആരംഭിക്കുന്ന പരമ്പരാഗത എഞ്ചിനീയറിങ് കോളജുകളിൽ നിന്ന് വ്യത്യസ്തമായി, എൻഎസ്ടി വിദ്യാർത്ഥികൾ ഒന്നാം വർഷത്തിന്റെ അവസാനത്തിൽ തന്നെ അവരുടെ ഇന്റേൺഷിപ്പ് തുടങ്ങുന്നുവെന്നതും സവിശേഷതയാണ്. തുടക്കം മുതൽ തന്നെ യഥാർഥ ലോക വ്യവസായ അനുഭവങ്ങൾ ഞങ്ങളുടെ പാഠ്യപദ്ധതിയിൽ സംയോജിപ്പിച്ചുകൊണ്ട്, വിദ്യാഭ്യാസത്തെ പുനർനിർവചിക്കുക എന്നതാണ് എൻഎസ്ടിയിൽ ഞങ്ങളുടെ ലക്ഷ്യമെന്ന് ന്യൂട്ടൺ സ്കൂളിന്റെ സഹസ്ഥാപകനായ സിദ്ധാർഥ് മഹേശ്വരി അഭിപ്രായപ്പെട്ടു.

## ഉജ്ജീവൻ സ്മോൾ ഫൈനാൻസിന് 83.39 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** ബെംഗളൂരു ആസ്ഥാനമായുള്ള ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് മാർച്ച് 31 ന് അവസാനിച്ച പാദത്തിൽ 83.39 കോടി രൂപയുടെ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അവസാന മൂന്ന് മാസങ്ങളിൽ അറ്റ പലിശ വരുമാനം അല്ലെങ്കിൽ നേടിയ പലിശയും നൽകിയ പലിശയും തമ്മിലുള്ള വ്യത്യാസം 864.31 കോടി രൂപയായി. ഒരു വർഷം മുമ്പ് ഇതേ കാലയളവിൽ ഇത് 933.54 കോടി രൂപയായിരുന്നു.മൈക്രോ ബാങ്കിംഗ് വിഭാഗത്തിലെ വെല്ലുവിളി നിറഞ്ഞ ബിസിനസ് അന്തരീക്ഷത്തെ മറികടന്ന് വ്യവസായ പോർട്ട്ഫോളിയോ നിലവാരത്തിൽ ഏറ്റവും മികച്ചത് നിലനിർത്തിക്കൊണ്ട് 2025 സാമ്പത്തിക വർഷം സംഭവബഹുലമായിരുന്നുവെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ സഞ്ജീവ് നൗട്ടിയാൽ പറഞ്ഞു.

## 2034ഓടെ ഇന്ത്യയിലെ ഗെയിമിങ് സമ്പദ്ഘടന 60 ബില്യൺ ഡോളറിലെത്തിക്കും

**കൊച്ചി:** ഇന്ത്യയിലെ ഗെയിമിങ് വിപണിയെ 2034ഓടെ 60 ബില്യൺ ഡോളറിലെത്തിക്കുമെന്ന് ഇന്ത്യ ഗെയിമിങ് റിപ്പോർട്ട് 2025 ചൂണ്ടിക്കാട്ടുന്നു. വിൻസോയും ഇന്ററാക്ടീവ് എൻറർടൈൻമെൻറ് ആൻറ് ഇന്നൊവേഷൻ കൗൺസിലും ചേർന്ന് സംയുക്തമായി നടത്തിയ പഠനത്തിൻറെ ഫലമായാണ് ഇന്ത്യ ടുഡേ ഈ ഔദ്യോഗിക റിപ്പോർട്ട് പുറത്തിറക്കിയത്. നിലവിൽ 3.7 ബില്യൺ ഡോളറാണ് ഗെയിമിങ് മേഖലയിലെ വിപണി. ഉയർന്ന കഴിവുകളുള്ളവർക്കായുള്ള രണ്ടു ദശലക്ഷം തൊഴിലവസരങ്ങളും ഇതിലൂടെ ഇന്ത്യയിൽ സൃഷ്ടിക്കപ്പെടും. മൂന്നു വർഷങ്ങൾക്കുള്ളിൽ ഐപിഒകൾ വഴി 26 ബില്യൺ നിക്ഷേപ മൂല്യവും ഉണ്ടാകുമെന്നാണ് വിലയിരുത്തൽ. ആഗോള ഗെയിമിങ് വ്യവസായത്തിലെ ഇന്ത്യയുടെ പങ്ക് നിലവിലെ 1.1 ശതമാനത്തിൽ നിന്ന് 2024ഓടെ 20 ശതമാനമായി ഉയരുമെന്നും പഠനങ്ങൾ പറയുന്നു.

ഉപഭോക്താവ് എന്ന നിലയിൽ നിന്നും ആഗോള നിർമാതാക്കളും കയറ്റുമതിക്കാരും ആയി തീരുന്ന ഇന്ത്യയുടെ മാറ്റമാണ് ഇന്ത്യ ഗെയിമിങ് റിപ്പോർട്ട് 2025 ചൂണ്ടിക്കാട്ടുന്നതെന്ന് വിൻസോ സഹസ്ഥാപകൻ പാവൻ നന്ദ പറഞ്ഞു.

## എൻപിസിഐ ഭാരത് ബിൽ പേ എയർടെൽ പെയ്മെൻറ്സ് ബാങ്കുമായി സഹകരിക്കുന്നു

**കൊച്ചി**: നാഷണൽ പേയ്മെൻറ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ എൻപിസിഐ ഭാരത് ബിൽപേ, എയർടെൽ പേയ്മെൻറ്സ് ബാങ്കുമായി സഹകരിച്ച് നാഷണൽ കോമൺ മൊബിലിറ്റി കാർഡ് (എൻസിഎംസി) ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബാങ്കിൻറെ റൂപേ ഓൺ ദി ഗോ കാർഡുകൾ റീചാർജ് ചെയ്യാൻ സൗകര്യമൊരുക്കുന്നു. ഇതുവഴി ഉപയോക്താക്കൾക്ക് ഏത് ഭാരത് കണക്റ്റ് സൗകര്യമുള്ള ആപ്പുകൾ ഉപയോഗിച്ചും അവരുടെ എയർടെൽ റൂപേ ഓൺ ദി ഗോ കാർഡുകൾ എളുപ്പത്തിൽ ടോപ്പ് അപ്പ് ചെയ്യാനാകും.

ഇന്ത്യയിലെ വിവിധ പട്ടണങ്ങളിൽ യാത്ര ചെയ്യുന്ന പൊതുജനങ്ങൾക്ക് മെട്രോകളിലും ബസുകളിലും ഒരൊറ്റ കാർഡ് ഉപയോഗിച്ച് ലളിതമായി ബുദ്ധിമുട്ടില്ലാതെ സമ്പർക്ക രഹിത ഇടപാടുകൾ നടത്താൻ ഇതു വഴിയൊരുക്കും. ദിവസവും യാത്ര ചെയ്യുന്നവർക്ക് നീണ്ട ക്യൂകളിൽ വെയിറ്റ് ചെയ്യുന്നത് ഒഴിവാക്കാൻ ഇത് സഹായിക്കും. ക്യാഷ്‌ലെസ് ഇടപാടുകൾ പ്രോത്സാഹിപ്പിക്കാനും ഇത് സഹായിക്കും.

എയർടെൽ പെയ്മെൻറ് ബാങ്ക് ഓൺ ദി ഗോ കാർഡുകൾക്ക് ഭാരത് കണക്ട് സംവിധാനങ്ങളിലൂടെ 2000 രൂപ വരെ ടോപ് അപ്പ് ചെയ്യാനാകും. പ്രമുഖ മെട്രോ റൂട്ടുകളിലും സ്റ്റേറ്റ് ബസ് ഓപ്പറേറ്റർ മാർക്കിടയിലും ഈ കാർഡ് ഉപയോഗിക്കാനാം.

നീണ്ട ക്യൂകൾ ഒഴിവാക്കി തങ്ങളുടെ എൻസിഎംസി വോലെറ്റുകൾ സൗകര്യപ്രദവും സുരക്ഷിതവുമായി തൽക്ഷണം റീചാർജ് ചെയ്യാൻ ഇത് സഹായിക്കുമെന്ന് എൻബിബിഎൽ മാനേജിംഗ് ഡയറക്ടറും സിഇഓയുമായ നൂപുർ ചതുർവേദി പറഞ്ഞു.

പുതുമയുള്ളതും ഉപഭോക്തൃ സൗഹൃദവുമായ പെയ്മെൻറ് സംവിധാനങ്ങൾ അവതരിപ്പിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഭാഗമാണ് ഈ സഹകരണമെന്ന് എയർടെൽ പെയ്മെൻറ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഗണേഷ് അനന്തനാരായണൻ പറഞ്ഞു.

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ1,500 പ്രാദേശിക ബാങ്ക് ഓഫീസർമാരെ നിയമിച്ചു

**ന്യൂദൽഹി:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഉപഭോക്തൃ സേവനം വർധിപ്പിക്കാനും പ്രാദേശിക കമ്മ്യൂണിറ്റികളുമായുള്ള ഇടപഴകൽ വർധിപ്പിക്കാനുമുള്ള പ്രതിബദ്ധതയുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലായി 1,500 പ്രാദേശിക ബാങ്ക് ഓഫീസർമാരെ വിജയകരമായി നിയമിച്ചു. ഈ തന്ത്രപരമായ സംരംഭം ഏറ്റവും മികച്ച ഉപഭോക്തൃ അനുഭവങ്ങൾ നൽകുന്നതിന് പ്രാദേശിക ഭാഷകളിലെ ഉദ്യോഗസ്ഥരുടെ പ്രാവീണ്യം പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നു.പുതുതായി റിക്രൂട്ട് ചെയ്ത പ്രാദേശിക ബാങ്ക് ഓഫീസർമാർ, ഉപഭോക്തൃബന്ധം ശക്തിപ്പെടുത്തുന്നതിലും ബ്രാഞ്ച് പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലും പ്രാദേശിക ഭാഷകളുമായും സംസ്കാരങ്ങളുമായും ഉള്ള അവരുടെ പരിചയം ഉപയോഗിച്ച് ബാങ്കിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഉന്നമിപ്പിക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കും. അവരുടെ സാന്നിധ്യം ആശയവിനിമയ വിടവുകൾ നികത്തുമെന്നും അതുവഴി ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്തതും കൂടുതൽ വ്യക്തിഗതവുമായ ബാങ്കിംഗ് അനുഭവങ്ങൾ സുഗമമാക്കുമെന്നും പ്രതീക്ഷിക്കുന്നു.

തങ്ങളെ ഏൽപ്പിച്ച വിവിധ പ്രവർത്തന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് പുറമേ പ്രാദേശിക ബാങ്ക് ഓഫീസർമാർ, അവരുടെ റോളുകളിൽ ബാങ്കിംഗ് ഇടപാടുകൾ, അക്കൗണ്ട് മാനേജ്മെന്റ് എന്നിവയിൽ ഉപഭോക്താക്കളെ സഹായിക്കുകയും സാമ്പത്തിക തീരുമാനങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യും.

